# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2228 — 16/08/2017-ൽ മറുപടിക്ക്

## ധനശേഷിയില്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ

| | ചോദ്യം<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ<br>,, എ.പി. അനിൽ കുമാർ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വീട് വയറിംഗിന് ധനശേഷിയില്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ വൈദ്യുതി ബോർഡ് നേരിട്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; എത്ര വീടുകളുടെ വയറിംഗ് ജോലികൾ ആണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ), (ബി) & (സി) | സാധാരണ ഗതിയിൽ വീടുകളുടെ വയറിംഗ് കെ.എസ്.ഇ.ബി ഏറ്റെടുത്ത് നടത്താറില്ല. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആരംഭിച്ച സമയത്ത് ഗുണഭോക്താക്കളുടെ വീടിന്റെ വയറിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ പലർക്കും സാധിക്കുന്നില്ല എന്ന് ബോധ്യമായതിനെ തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളായ REC, KSPIFC തുടങ്ങിയവരുടെ Corporate Social Responsibility-യിൽ പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി ഏറ്റെടുത്തു പൂർത്തിയാക്കിയിരുന്നു. ജീവനക്കാരും ജനപ്രതിനിധികളും അടങ്ങുന്ന സമിതികൾ ഫീൽഡ് സർവ്വേ നടത്തിയാണ് ഇത്തരം ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതനുസരിച്ച് പ്രാഥമിക കണക്കുകൾ പ്രകാരം 11500 ഓളം വീടുകളുടെ വയറിംഗ് |
| (ബി) | ഇതിനുള്ള ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്; | | |
| (സി) | ഇത് നടപ്പാക്കുന്നതിന് ആരുടെയെല്ലാം പങ്കാളിത്തമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | |

(...2)

| | | | |
|---|---|---|---|
| | | | നടത്തിയതായാണ് കണക്കാക്കുന്നത്. കൂടാതെ കെ.എസ്.ഇ.ബി യിലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധ സംഘടനകൾ, NSS പോലെയുള്ള സ്ഥാപനങ്ങൾ, മറ്റു സുമനസ്സുകൾ മുഖേനയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ വയറിംഗ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ